# 1 വസുധൈവ കുടുംബകം

## ഭൂമിഗീതങ്ങൾ



ഭൂമിയീ നമ്മളിലേക്കൊതുങ്ങുന്നുവോ?
നാമിന്നു ഭൂമിയോളം വലുതാകയോ?

സൂര്യനെക്കാണാധ്രുവങ്ങൾ തൻ ശൈത്യവും
സൂര്യൻ പുണരെദ്ദേഹിക്കുന്ന 'സംജ്ഞ'* പോൽ

നീറും മരുഭൂമിതൻ കൊടുംതാപവും
നീരാഴിതൻ നിലയ്ക്കാത്തോരശാന്തിയും

മായും മരതകപ്പച്ചകൾ കണ്ടുപോം
പാവം നദിയുടെ പാട്ടിന്നിടർച്ചയും

ഏതോ വിഷക്കനി ഭക്ഷിച്ചു കൊക്കിലെ
നാദം വരണ്ടുപോം പക്ഷിതൻ ദൈന്യവും

ഉൾക്കനിവിൻ ഉപ്പലിഞ്ഞോരുറവക-
ളൊക്കെയും വറ്റിയ മണ്ണിന്റെ ദാഹവും

നാമേറ്റു വാങ്ങവേ, നമ്മുടെയാത്മാവിൽ
ഭൂമി നിറയുന്നു; നാം ഭൂമിയാവുന്നു!

* സൂര്യപത്നി

**ഒ.എൻ.വി. കുറുപ്പ്**

- നമുക്ക് ഭൂമിയോളം വലുതാകാൻ കഴിയുന്നത് എപ്പോഴാണ്? മനുഷ്യന്റെ ഏതൊക്കെ പ്രവൃത്തികളാണ് അതിലേക്ക് നയിക്കുന്നത്?

കണ്വന്റെ വളർത്തുമകളായ ശകുന്തള ശരിക്കും പ്രകൃതിയുടെ പുത്രി എന്ന നിലയ്ക്ക് ആശ്രമത്തിൽ പുലർന്നുപോന്നു. അവിടെ തോഴിമാരായ അനസൂയാ പ്രിയംവദമാർക്കു പുറമെ തപോവനവൃക്ഷങ്ങൾ, വനജ്യോത്സ്ന എന്ന മുല്ല, ദീർഘാപാംഗൻ എന്ന മാൻ- എല്ലാവരുമുണ്ട്; ബന്ധുക്കളും രക്ഷകരുമായി ഒന്നുചേർന്ന ലളിതജീവിതം.

ശകുന്തളയുടെ ഏതോ കാലദോഷം പരിഹരിക്കാനായി കണ്വൻ ആശ്രമം വിട്ട സന്ദർഭം. രാജാവായ ദുഷ്ഷന്തൻ വനത്തിലെത്തിയതു നായാട്ടിന്. സംഗതിവശാൽ ആശ്രമത്തിലെത്തിയ അദ്ദേഹത്തിന് പ്രഥമദൃഷ്ടിയിലേ ശകുന്തളയിൽ അനുരാഗമുദിച്ചു; ശകുന്തളയ്ക്കു തിരിച്ചും. ശകുന്തളയെ ഗാന്ധർവവിധിപ്രകാരം പരിണയിക്കാൻ, കണ്വന്റെ അസാന്നിധ്യത്തിലും അദ്ദേഹത്തിനു ശങ്കയുണ്ടായില്ല. മൂന്നു ദിവസത്തിനകം അവളെ കൂട്ടിക്കൊണ്ടുപോകാൻ ഏർപ്പാടാക്കാം എന്ന വാഗ്ദാനത്തോടെ അദ്ദേഹം കൊട്ടാരത്തിലേക്കു മടങ്ങി.

വാഗ്ദാനം പാലിക്കപ്പെട്ടില്ല; ശകുന്തളയാണെങ്കിലോ, ഗർഭിണി. താതകണ്വൻ എങ്ങനെ പ്രതികരിക്കുമെന്ന് ഉൽക്കണ്ഠ. എല്ലാറ്റിനും ഉപശാന്തിയരുളിക്കൊണ്ട് കണ്വൻ വിവരം അശരീരി വഴി അറിയാൻ ഇടയായി. തുടർന്ന് മകളെ ഗൗതമിയുടെയും മുനികുമാരൻമാരുടെയും അകമ്പടിയോടെ കൊട്ടാരത്തിലേക്ക് അയയ്ക്കാനുള്ള ഒരുക്കം. അങ്ങനെ, ലോകസാഹിത്യത്തിൽത്തന്നെ അപൂർവം എന്നു വിചാരിക്കാവുന്ന ഒരു വിടവാങ്ങൽ രംഗം.

# മുല്ലവള്ളിയും മാൻകിടാവും

**അഭിജ്ഞാനശാകുന്തളം - നാലാമങ്കം : കാളിദാസൻ**

**(പരിഭാഷ : എ.ആർ. രാജരാജവർമ)**

പ്രിയംവദ : (പ്രവേശിച്ചിട്ട് സന്തോഷത്തോടുകൂടി) സഖീ, വരൂ! വരൂ! വേഗമാകട്ടെ, ശകുന്തളയെ ഭർത്തൃഗൃഹത്തിലേക്ക് യാത്ര അയയ്ക്കാൻ പോകാം.

അനസൂയ : ഏ! ഇതെങ്ങനെ?

പ്രിയംവദ : കേട്ടുകൊള്ളൂ! ഞാൻ ഇപ്പോൾ സുഖശയനം ചോദിക്കാൻ ശകുന്തളയുടെ അടുക്കൽ പോയിരുന്നു.

അനസൂയ : എന്നിട്ടോ?

പ്രിയംവദ : അപ്പോൾ ലജ്ജിച്ചു തലതാഴ്ത്തിനിന്നിരുന്ന അവളെ താതകാശ്യപൻ സ്വയം ആലിംഗനം ചെയ്ത് ഇങ്ങനെ അഭിനന്ദിച്ചു: "പുകകൊണ്ടു കണ്ണുമറഞ്ഞിരുന്നുവെങ്കിലും ഹോതാവ് ഹോമിച്ചത് ഭാഗ്യവശാൽ അഗ്നിയിൽത്തന്നെ പതിച്ചു. കുഞ്ഞേ, നല്ല ശിഷ്യനു കൊടുത്ത വിദ്യയെപ്പറ്റി എന്നപോലെ നിന്നെപ്പറ്റി ഇനി എനിക്കു വിചാരപ്പെടാനില്ല. ഇന്നുതന്നെ നിന്നെ ഋഷികളെക്കൂട്ടി ഭർത്തൃഗൃഹത്തിലയച്ചേക്കാം" എന്ന്.

അനസൂയ : വർത്തമാനം എല്ലാം അച്ഛനോടാരാണ് പറഞ്ഞത്?

പ്രിയംവദ : അഗ്നിഹോത്രഗൃഹത്തിൽ പ്രവേശിച്ചപ്പോൾ, ശ്ലോകരൂപമായ ഒരശരീരി വാക്കാണ്.

അനസൂയ : (ആശ്ചര്യത്തോടെ) എന്താണത്! പറയൂ.

പ്രിയംവദ : അന്തർദ്ദുഷ്ഷന്തവീര്യത്തെ-
യേന്തുന്നൂ നിന്റെ പുത്രിയാൾ
ഹന്ത! ഭൂമിക്കു ഭൂതിക്കായ്;
ചെന്തീയെശ്ശമിയെന്നപോൽ. 4

അനസൂയ : (പ്രിയംവദയെ ആലിംഗനം ചെയ്തിട്ട്) സഖീ, വളരെ സന്തോഷം. എന്നാൽ ശകുന്തളയെ ഇന്നുതന്നെ അയയ്ക്കുന്നല്ലോ എന്ന കുണ്ഠിതവുമുണ്ട്.

പ്രിയംവദ : സഖീ, നമുക്കു കുണ്ഠിതം എങ്ങനെയും പോക്കാം. ആ പാവത്തിനു സുഖക്കേടൊഴിയട്ടെ.

അനസൂയ : എന്നാൽ, ഈ മാങ്കൊമ്പിൽ തൂക്കിയിരിക്കുന്ന ചിരട്ടക്കുടുക്കയിൽ, ഞാൻ ഇതിലേക്കുവേണ്ടിത്തന്നെ കുറേക്കാലത്തേക്കു നിൽക്കുന്നതാണല്ലോ എന്നു കരുതി സൂക്ഷിച്ചിട്ടുള്ള ഇലഞ്ഞിമാലയെടുത്ത് കൈയിൽ വച്ചുകൊള്ളൂ. ഞാൻ പോയി ഗോരോചന, തീർഥത്തിലെ മണ്ണ്, കറുകനാമ്പ് ഇതെല്ലാം ചേർത്തു മംഗളക്കുറിക്കൂട്ടുണ്ടാക്കാം.

പ്രിയംവദ : അങ്ങനെ ആകട്ടെ.

(അനസൂയ പോയി. പ്രിയംവദ കുടുക്കയിൽനിന്ന് മാല എടുക്കുന്നു).

(അണിയറയിൽ)

ഗൗതമീ, ശകുന്തളയെ കൂട്ടിക്കൊണ്ടുപോകുന്നതിന് ശാർങ്ഗരവൻ മുതൽപേരോട് ഒരുങ്ങിക്കൊള്ളാൻ പറയൂ.

പ്രിയംവദ : (ചെവിയോർത്തിട്ട്) അനസൂയേ, വേഗത്തിലാകട്ടെ; ഹസ്തിനപുരത്തേയ്ക്കു പോകാനുള്ള ഋഷികളെ ഇതാ, വിളിക്കുന്നു.

അനസൂയ : (കുറിക്കൂട്ടോടുകൂടി പ്രവേശിച്ചിട്ട്) സഖീ, വരൂ, പോകാം.

(ചുറ്റി നടക്കുന്നു)

പ്രിയംവദ : (നോക്കിയിട്ട്) ഇതാ, സൂര്യോദയത്തിൽത്തന്നെ മുങ്ങിക്കുളി കഴിഞ്ഞിരിക്കുന്ന ശകുന്തളയെ താപസിമാർ തലയിൽ അരിയിട്ട് അനുഗ്രഹിക്കുന്നു. അങ്ങോട്ടുചെല്ലാം (അടുത്തു ചെല്ലുന്നു).

(അനന്തരം മുൻചൊന്ന മട്ടിൽ പീഠത്തിൽ ഇരുന്നുകൊണ്ട് ശകുന്തളയും അനുഗ്രഹിച്ചുകൊണ്ട് താപസിമാരും പ്രവേശിക്കുന്നു).

താപസിമാരിൽ ഒരുത്തി : കുഞ്ഞേ, നിനക്ക് ഭർത്താവിന്റെ ബഹുമാനം സൂചിപ്പിക്കുന്ന പട്ടമഹിഷീസ്ഥാനം ലഭിക്കട്ടെ!

പിന്നെ ഒരുത്തി : കുട്ടീ, നിനക്കു വീരനായ പുത്രൻ ജനിക്കട്ടെ!

വേറൊരുത്തി : പൈതലേ, ഭർത്താവു നിന്നെ ആദരിക്കട്ടെ!

(ആശീർവാദം ചെയ്തിട്ട് ഗൗതമിയൊഴികെയുള്ള താപസിമാർ പോയി).

സഖിമാർ : (അടുത്തുചെന്ന്) തോഴീ, നിനക്കു മംഗളം ഭവിക്കട്ടെ!

ശകുന്തള : നിങ്ങൾക്കു സ്വാഗതം. ഇതാ, ഇവിടെ ഇരിക്കിൻ.

സഖിമാർ : (മംഗളോപകരണങ്ങൾ എടുത്തുകൊണ്ടിരുന്നിട്ട്) സഖീ, ഞങ്ങൾ നിന്നെ കുറിയിടുവിക്കട്ടെ, ശരിയായിരിക്കൂ!

ശകുന്തള : ഇതു പതിവുള്ളതാണെങ്കിലും ഇപ്പോൾ ബഹുമാനിക്കേണ്ടതായിരിക്കുന്നു. സഖിമാർ എന്നെ ചമയിക്കുക എന്നത് ഇനി ദുർല്ലഭമാണല്ലോ. (കണ്ണുനീർ തൂകുന്നു).

സഖിമാർ : തോഴീ, ശുഭാവസരത്തിൽ കരയുന്നതു ശരിയല്ല. (കണ്ണുനീരു തുടച്ചിട്ട് ചമയിക്കുന്നു).

പ്രിയംവദ : ആഭരണങ്ങൾ അണിയേണ്ടുന്ന ശരീരത്തിന് ആശ്രമത്തിലെ അലങ്കാര സാധനങ്ങൾ ഒരു അവമാനനയാണ്.

മുനികുമാരന്മാർ : (ആഭരണങ്ങളെടുത്തുകൊണ്ട് പ്രവേശിച്ചിട്ട്) ഇതാ, ആഭരണങ്ങൾ, ആര്യയെ ചമയിക്കാം.

(എല്ലാവരും നോക്കി വിസ്മയിക്കുന്നു.)

ഗൗതമി : വത്സ നാരദ, ഇതെല്ലാം എവിടെനിന്നാണ്?

ഒന്നാമൻ : താതകാശ്യപന്റെ പ്രഭാവംകൊണ്ടുണ്ടായതാണ്.

ഗൗതമി : സങ്കല്പശക്തികൊണ്ടു സൃഷ്ടിച്ചതാണോ?

രണ്ടാമൻ : അല്ല, കേട്ടാലും! ശകുന്തളയ്ക്കുവേണ്ടി വൃക്ഷങ്ങളിൽ ചെന്ന് പൂപറിക്കാൻ താതകാശ്യപൻ ഞങ്ങളോടാജ്ഞാപിച്ചു. ഞങ്ങൾ ചെന്ന ഉടനെ,

ചുറ്റാനുള്ളുടയാടയൊന്നൊരു മരം
    തന്നൂ ശശാങ്കോജ്ജ്വലം
മറ്റൊന്നപ്പൊഴുതിൽച്ചൊരിഞ്ഞു ചരണ-
    ച്ചെഞ്ചാറു ചാർത്തീടുവാൻ;
ശിഷ്ടം വൃക്ഷഗണങ്ങൾ നൽത്തളിരുപോൽ
    ശാഖാഗ്രദൃഷ്ടങ്ങളാം
കാട്ടിൻ ദേവതമാർ കരങ്ങൾവഴിയാ-
    യർപ്പിച്ചു ഭൂഷാഗണം.

പ്രിയംവദ : (ശകുന്തളയെ നോക്കിയിട്ട്) വനദേവതമാരുടെ ഈ അനുഗ്രഹം നിനക്കു ഭർത്തൃഗൃഹത്തിൽ അനുഭവിക്കാനിരിക്കുന്ന രാജലക്ഷ്മിയുടെ ഒരു സൂചനയാണ്.

(ശകുന്തള ലജ്ജിക്കുന്നു).

ഒന്നാമൻ : ഗൗതമാ, വരൂ! വരൂ! താതകാശ്യപൻ കുളികഴിഞ്ഞു വന്നാലുടൻ വൃക്ഷങ്ങൾ ഉപകാരം ചെയ്ത വിവരം ചെന്നു പറയാം.



രണ്ടാമൻ : അങ്ങനെ തന്നെ.

(രണ്ടുപേരും പോയി).

സഖിമാർ : ഈയുള്ളവർ ആഭരണങ്ങൾകൊണ്ടു കൈകാര്യം ചെയ്തിട്ടില്ല. ചിത്രത്തിൽ കണ്ടിട്ടുള്ള പരിചയംകൊണ്ടു നിന്നെ അണിയിക്കുന്നതാണേ! (സഖിമാർ ചമയിക്കുന്നു)

ശകുന്തള : നിങ്ങളുടെ സാമർഥ്യം എനിക്കറിയാം.

(അനന്തരം കുളികഴിഞ്ഞ് കാശ്യപൻ പ്രവേശിക്കുന്നു).

കാശ്യപൻ : പോകുന്നുണ്ടിതുനാൾ ശകുന്തള പിരി-
ഞ്ഞെന്നോർത്തു ഹൃത്തുത്സുകം,
തൂകാഞ്ഞശ്രു ഗളോദരം കലുഷിതം;
ഭാവം ജഡം ചിന്തയാൽ;
കാട്ടിൽപ്പാർക്കുമെനിക്കുമിത്ര കഠിനം
സ്നേഹോദിതം കുണ്ഠിതം;
നാട്ടിൽപ്പെട്ട ഗൃഹസ്ഥനെത്രയുളവാം
പുത്രീവിയോഗവ്യഥ! 6

(ചുറ്റിനടക്കുന്നു)

സഖിമാർ : സഖി ശകുന്തളേ! ഞങ്ങൾ അണിയിച്ചുകഴിഞ്ഞു. ഇനി ഈ വെൺപട്ടു രണ്ടും ധരിക്കണം.

(ശകുന്തള എഴുന്നേറ്റു മാറിനിന്ന് വസ്ത്രം ധരിക്കുന്നു).

ഗൗതമി : കുഞ്ഞേ, ഇതാ ആനന്ദം പ്രവഹിക്കുന്ന കണ്ണുകൊണ്ടുതന്നെ നിന്നെ ആലിംഗനം ചെയ്തുകൊണ്ട് അച്ഛൻ വന്നിരിക്കുന്നു. ചെന്നു വന്ദിക്കൂ.

ശകുന്തള : (ലജ്ജയോടുകൂടി) അച്ഛാ, ഞാനിതാ വന്ദിക്കുന്നു.

കാശ്യപൻ : സമ്മതയാക പതിക്കായ്
ശർമിഷ്ഠ യയാതിഭൂപനെന്നവിധം;
പുത്രനുളവാം നിനക്കും
പൂരുവവൾക്കെന്നപോലെ സമ്രാട്ടായ്. 7

പ്രിയംവദ : ഭഗവാനേ, ഇതൊരാശിസ്സല്ല, വരംതന്നെയാണ്.

കാശ്യപൻ : കുഞ്ഞേ, ഇതാ ഇങ്ങോട്ടുവന്ന് ഇപ്പോൾത്തന്നെ ഹോമം കഴിഞ്ഞിരിക്കുന്ന അഗ്നികളെ പ്രദക്ഷിണം ചെയ്യൂ.

(എല്ലാവരും ചുറ്റിനടക്കുന്നു).

സമിത്തേറ്റും ദർഭപൂണ്ടും ചുഴന്നീ
ഹോമസ്ഥാനം പുക്കെഴും പാവകന്മാർ
ഹവിർഗ്ഗന്ധംകൊണ്ടു പാപങ്ങൾ പോക്കി-
പ്പവിത്രശ്രീ നിങ്കലർപ്പിച്ചിടട്ടെ. 8

ഇനി പുറപ്പെടാം. (ചുറ്റിനോക്കീട്ട്) ശാർങ്ഗരവൻ മുതൽപേർ എവിടെ?

ശിഷ്യന്മാർ : (പ്രവേശിച്ചിട്ട്) ഭഗവൻ, ഞങ്ങൾ ഇതാ, തയാറായി.

കാശ്യപൻ : ശാർങ്ഗരവ, നിന്റെ അനുജത്തിക്കു വഴി കാട്ടൂ!

ശാർങ്ഗരവൻ : ഇതാ, ഇങ്ങനെ വരാം.

(എല്ലാവരും ചുറ്റി നടക്കുന്നു).

കാശ്യപൻ : അല്ലേ, വനദേവതമാരുടെ അധിവാസം ഉള്ള തപോവനവൃക്ഷങ്ങളേ!

താനേ തൊണ്ട നനയ്ക്കയില്ലെവൾ നന-
ച്ചീടാതെയീ നിങ്ങളെ-
ത്താവും കൗതുകമെങ്കിലും കരുണയാൽ
പൊട്ടിച്ചിടാ പല്ലവം;
പൂരിക്കുന്നിതെവൾക്കു നിങ്ങൾ പുതുതായ്
പൂക്കുന്ന നാളുത്സവം;

പൂകുന്നൂ പതിഗേഹമായവളിതാ!
നൽകീടുവിൻ സമ്മതം! 9

(കുയിൽനാദം കേട്ടതായി ഭാവിച്ചിട്ട്)

അടവിയിലൊരുമിച്ചു വാണു സഖ്യം
തടവിന വൃക്ഷകുലം ശകുന്തളയ്ക്ക്
സ്ഫുടമനുമതി നൽകിടുന്നു പോകാൻ
പടുതര കോകിലകൂജിതങ്ങളാലെ. 10

(ആകാശത്തിൽ അശരീരിവാക്ക്)

ചേർന്നീടട്ടെയിടയ്ക്കിടയ്ക്കു സരസീ-
ജാലം സപങ്കേരുഹം,
ചാലേ ചോലമരങ്ങൾ തിങ്ങി മറവാർ-
ന്നീടട്ടെ സൂര്യാതപം;
ചെന്താർപ്പൂമ്പൊടിപോലെ പൂഴി മൃദുവായ്-
ത്തീരട്ടെ മാർഗങ്ങളിൽ;
സന്ധിക്കട്ടെയിവൾക്കു യാത്ര ശുഭമായ്
വാതാനുകൂല്യത്തൊടേ. 11

(എല്ലാവരും കേട്ടു വിസ്മയിക്കുന്നു).

ഗൗതമി : കുഞ്ഞേ, ജ്ഞാതികളെപ്പോലെത്തന്നെ നിന്നോടു സ്നേഹമുള്ള വനദേവതമാർ യാത്രാവസരത്തിൽ നിന്നെ അനുഗ്രഹിക്കുന്നു. ഭഗവതിമാരെ വന്ദിക്കൂ!

ശകുന്തള : (വന്ദിച്ചു ചുറ്റിനടന്നിട്ടു സ്വകാര്യമായി) സഖി പ്രിയംവദേ, എനിക്കാര്യപുത്രനെ കാണാനുള്ള കൗതുകം വളരെയുണ്ടെങ്കിലും ആശ്രമം വിട്ടുപോകുന്നതിന് ഒരടിപോലും മുന്നോട്ടുനീങ്ങുന്നില്ല.

പ്രിയംവദ : വിട്ടുപിരിയുന്നതിൽ നിനക്കു മാത്രമല്ല മനസ്താപം; നിന്നോടു പിരിയാൻ പോകുന്ന തപോവനത്തിന്റേയും അവസ്ഥ നോക്കൂ!

മേയുന്ന പുല്ലും മറിമാൻ മറന്നൂ,
ചെയ്യുന്ന നൃത്തം മയിലും നിറുത്തീ;
പായുന്ന കണ്ണീർക്കണമെന്നപോലെ
പെയ്യുന്നിതേ വെള്ളില വള്ളിതോറും. 12

ശകുന്തള : (ഓർമിച്ചിട്ട്) അച്ഛാ, ഞാൻ എന്റെ ലതാഭഗിനിയായ വനജ്യോത്സ്നയോട് യാത്ര ചോദിക്കട്ടെ.

കാശ്യപൻ : ഈ ലതയോട് നിനക്കു സഹോദരസ്നേഹമുണ്ടെന്ന് എനിക്കറിയാം. ഇതാ അതു വലതുവശത്തു നിൽക്കുന്നു.

ശകുന്തള : (ചെന്ന് മുല്ലവള്ളിയെ ആലിംഗനം ചെയ്തിട്ട്) വനജ്യോത്സ്നേ, നീ തേന്മാവുമായിച്ചേർന്നിരിക്കുകയാണെങ്കിലും ആലിംഗനം ചെയ്യുന്ന എനിക്ക് ഇങ്ങോട്ടു വന്നിട്ടുള്ള ചെറുതലക്കൈകൾ കൊണ്ട് പ്രത്യാലിംഗനം തരണേ! ഇന്നുമുതൽ ഞാൻ നിന്നെപ്പിരിഞ്ഞ് ദൂരദേശത്തു വസിക്കാൻ ഭാവിക്കയാണ്.

കാശ്യപൻ : പ്രാപിച്ചു നീ സദൃശനായി നിനക്കു മുന്നേ
കല്പിച്ചിരുന്ന പതിയെസ്സ്വഗുണങ്ങളാലേ;
ചൂതത്തൊടൊത്തു നവമാലികയും വിളങ്ങീ;
ചിന്തിച്ചുനിങ്ങളെയെനിക്കിനിയാധി വേണ്ടാ.
ഇതാ, ഇങ്ങോട്ടു നേർവഴിക്കു വരൂ! 13

ശകുന്തള : (സഖിമാരോട്) വനജ്യോത്സ്നയെ ഞാൻ നിങ്ങളുടെ കൈയിൽ ഏൽപ്പിച്ചിരിക്കുന്നു.

സഖിമാർ : ഞങ്ങളെ നീ ആരുടെ കൈയിലാണ് ഏൽപ്പിച്ചിരിക്കുന്നത് (കണ്ണുനീർ തൂകുന്നു).

കാശ്യപൻ : അനസൂയേ, കരയരുത്; നിങ്ങൾ വേണമല്ലോ ശകുന്തളയെ ആശ്വസിപ്പിക്കാൻ. (എല്ലാപേരും ചുറ്റിനടക്കുന്നു).

ശകുന്തള : (നോക്കിയിട്ട്) അച്ഛാ, ഇതാ ഗർഭിണിയായ മാൻപേട ആശ്രമത്തിനടുത്തു തന്നെ വലിഞ്ഞിഴഞ്ഞു നടക്കുന്നു. ഇവൾ സുഖമായി പ്രസവിച്ചാൽ ആ സന്തോഷവർത്തമാനം എന്റെ അടുക്കൽ പറഞ്ഞയയ്ക്കണേ!



കാശ്യപൻ : അതു ഞാൻ മറക്കുകയില്ല.

ശകുന്തള : (എന്തോ കാലിൽ തടഞ്ഞതായി ഭാവിച്ചിട്ട്) ചെടികളിൽ ഉടക്കിയതുപോലെ എന്റെ പുടവ തടയുന്നതെന്താണ്? (തിരിഞ്ഞുനോക്കുന്നു)

കാശ്യപൻ : പണ്ടു നീണ്ട കുശസൂചി കൊണ്ടൊരു മൃഗം മുഖത്തിൽ മുറിവേറ്റതായ്-
ക്കണ്ടു നീ വ്രണവിരോപണത്തിനുടനോടലെണ്ണ തടവീലയോ!
ചേർത്തു മുഷ്ടിയിലെടുത്തു ചാമയരി നൽകിയൻപൊടു വളർത്തൊരാ-
ദ്ദത്തുപുത്രനവനാണെടോ വഴിവിടാതെകണ്ടു തുടരുന്നത്. 14

ശകുന്തള : വത്സ, കൂട്ടുവിട്ടുപോകുന്ന എന്നെ നീ എന്തിനു പിന്തുടരുന്നു? പ്രസവിച്ച ഉടനെ തള്ള മരിച്ചുപോയിട്ടു നിന്നെ ഞാൻ വളർത്തിവിട്ടു. ഞാൻ പോയിക്കഴിഞ്ഞാൽ അച്ഛൻ നിന്നെ അന്വേഷിച്ചുകൊള്ളും. ഇപ്പോൾ നിൽക്കൂ. (കരഞ്ഞുകൊണ്ടു നടക്കുന്നു)

**മലയാളശാകുന്തളം**

- "പ്രാപിച്ചു നീ സദൃശനായി നിനക്കു മുന്നേ
  കല്പിച്ചിരുന്ന പതിയെ സ്വഗുണങ്ങളാലേ;
  ചൂതത്തൊടൊത്തു നവമാലികയും വിളങ്ങീ;
  ചിന്തിച്ചു നിങ്ങളെയെനിക്കിനിയാധി വേണ്ട"

  ശകുന്തളയോടും നവമാലികയോടും കണ്വൻ പുലർത്തുന്ന സമഭാവന നമുക്കു നൽകുന്ന സന്ദേശമെന്ത്? വിശകലനം ചെയ്യുക.

- സാമ്യകല്പനകൊണ്ട് സന്ദർഭത്തിന് ആശയപരമായ ഗാംഭീര്യവും കാവ്യഭംഗിയും നൽകുന്ന ഭാഗങ്ങൾ പാഠത്തിലുണ്ടല്ലോ.

  ഉദാ: "അന്തർദ്ദുഷ്ഷന്തവീര്യത്തെ-
  യേന്തുന്നൂ നിന്റെ പുത്രിയാൾ
  ഹന്ത! ഭൂമിക്കു ഭൂതിക്കായ്;
  ചെന്തീയെശ്ശമിയെന്നപോൽ"

  സമാനമായ സന്ദർഭങ്ങൾ കണ്ടെത്തി അവയുടെ സവിശേഷത പരിശോധിക്കുക.

- "മേയുന്ന പുല്ലും മറിമാൻ മറന്നൂ,
  ചെയ്യുന്ന നൃത്തം മയിലും നിറുത്തീ;
  പായുന്ന കണ്ണീർക്കണമെന്നപോലെ
  പെയ്യുന്നിതേ വെള്ളില വള്ളിതോറും."

  ശകുന്തള ആശ്രമത്തിൽനിന്ന് യാത്രയാകുമ്പോൾ പ്രകൃതിക്കുണ്ടായ ഭാവമാറ്റങ്ങളാണ് ഈ വരികളിലുള്ളത്.

  മദനനെ കാണാതെ വനാന്തരത്തിൽ അലഞ്ഞ് ദയനീയമായി വിലപിക്കുന്ന ലീലയ്ക്കു ചുറ്റുമുള്ള പ്രകൃതിയെ കുമാരനാശാൻ ചിത്രീകരിക്കുന്നതു നോക്കൂ:

  "ചടുലലതകളാടിടാതെ ചാഞ്ഞാ-
  വിടപികൾ മേലനുമൂർച്ഛയാർന്നുനിന്നു.
  അടവിയധികമൗനമാർന്നു മേളം
  ഝടിതി നിറുത്തിയ രംഗഭൂമിപോലെ"

  രണ്ടു കാവ്യസന്ദർഭങ്ങളും താരതമ്യം ചെയ്യുക.

- "ചുറ്റാനുള്ളുടയാടയൊന്നൊരു മരം
    തന്നൂ ശശാങ്കോജ്ജ്വലം
  മറ്റൊന്നപ്പൊഴുതിൽച്ചൊരിഞ്ഞു ചരണ-
    ച്ചെഞ്ചാറു ചാർത്തീടുവാൻ;
  ശിഷ്ടം വൃക്ഷഗണങ്ങൾ നൽത്തളിരുപോൽ
    ശാഖാഗ്രദൃഷ്ടങ്ങളാം
  കാട്ടിൻ ദേവതമാർ കരങ്ങൾവഴിയാ-
    യർപ്പിച്ചു ഭൂഷാഗണം."

  പ്രകൃതിക്കു മനുഷ്യനോടുള്ള സ്നേഹത്തിന്റെയും ഔദാര്യത്തിന്റെയും ദൃഷ്ടാന്തമാണല്ലോ ഇത്. എങ്കിൽ, പ്രകൃതിയോടും സഹജീവികളോടും നാം പുലർത്തേണ്ട മനോഭാവമെന്താണ്?

- "ലോകമേ തറവാട് തനിക്കീച്ചെടികളും
  പുൽകളും പുഴുക്കളും കൂടിത്തൻ കുടുംബക്കാർ"

  **(വള്ളത്തോൾ)**

  "ശർക്കരമാവിൽപ്പണ്ടേ കൂടുകൂട്ടിയ കിളി;
  മുക്കോടിൽക്കണിവയ്ക്കുമമ്പലപ്പിറാവുകൾ;
  കാടുകെട്ടിയ വഴിയോരത്തു നിന്നാരെയോ
  കാത്തു നിൽക്കുമീക്കാശിത്തുമ്പകൾ മുക്കുറ്റികൾ
  മരിച്ചാൽപ്പുലയുള്ള ചാർച്ചക്കാരിവർ; ..."

  **(പി. കുഞ്ഞിരാമൻനായർ)**

  ഈ പദ്യഭാഗങ്ങളിലെ ആശയം 'ഭൂമിയുടെ അവകാശികൾ,' 'മുല്ലവള്ളിയും മാൻകിടാവും' എന്നീ പാഠഭാഗങ്ങളിൽ അവതരിപ്പിക്കുന്ന ദർശനവുമായി താരതമ്യം ചെയ്യുക.

# സൂര്യകാന്തി

**ജി. ശങ്കരക്കുറുപ്പ്**



മന്ദമന്ദമെൻ താഴും
മുഗ്ധമാം മുഖം പൊക്കി-
സ്സുന്ദരദിവാകരൻ
ചോദിച്ചൂ മധുരമായ്:

"ആരു നീയനുജത്തീ?
നിർന്നിമേഷമായെന്തെൻ
തേരു പോകവേ നേരേ
നോക്കിനിൽക്കുന്നൂ ദൂരേ?

സൗമ്യമായ് പിന്നെപ്പിന്നെ
വിടരും സ്നിഗ്ധക്കണ്ണാൽ
രമ്യമായ് വീക്ഷിക്കുന്നൂ
തിരിഞ്ഞു തിരിഞ്ഞെന്നെ;

വല്ലതും പറയുവാ-
നാഗ്രഹിക്കുന്നുണ്ടാവാ-
മില്ലയോ? തെറ്റാണൂഹ-
മെങ്കിൽ, ഞാൻ ചോദിച്ചീല!"

ഒന്നുമുത്തരം തോന്നീ,-
ലെങ്ങനെ തോന്നും? സർവ-
സന്നുതൻ സവിതാവെ-
ങ്ങെങ്ങു നിർഗന്ധം പുഷ്പം!

ആര്യമാവിനെ സ്നേഹി-
ക്കുന്ന ധിക്കാരത്തിന്നു
സൂര്യകാന്തിയെന്നെന്നെ-
പ്പുച്ഛിപ്പതാണീ ലോകം!

പരനിന്ദ വീശുന്ന
വാളിനാൽ ച്ചൂളിപ്പോകാ,
പരകോടിയിൽ ചെന്ന
പാവനദിവ്യസ്നേഹം.

ധീരമാ മുഖംതന്നെ
നോക്കിനിന്നു ഞാൻ ഗുണോ-
ദാരനാമവിടത്തേ-
ക്കെന്തു തോന്നിയോ ഹൃത്തിൽ!

ഭാവപാരവശ്യത്തെ
മറയ്ക്കാൻ ചിരിപ്പതി-
നാവതും ശ്രമിച്ചാലും
ചിരിയായ്ത്തീർന്നീലല്ലോ.

മഞ്ഞുതുള്ളിയാണെന്നു
ഭാവിച്ചേനാനന്ദാശ്രു;
മാഞ്ഞുപോം കവിൾത്തുടു-
പ്പിളവെയ്ലിലെന്നോർത്തേൻ;

വേപമുണ്ടായംഗത്തിൽ-
ക്കുളിർകാറ്റിനാൽ, ലജ്ജാ-
ചാപലത്താലല്ലെന്നു
നടിച്ചേനധീര ഞാൻ.

ക്ഷുദ്രമാമിപ്പുഷ്പത്തിൻ-
പ്രേമത്തെഗ്ഗണിച്ചാലോ

ഭദ്രനാദ്ദേവൻ നിന്ദ-
നീയമായഗണ്യമായ്!

മാമകപ്രേമം നിത്യ-
മൂകമായിരിക്കട്ടെ,
കോമളനവിടന്ന-
തൂഹിച്ചാലൂഹിക്കട്ടെ.

സ്നേഹത്തിൽ നിന്നില്ലല്ലോ
മറ്റൊന്നും ലഭിച്ചീടാൻ;
സ്നേഹത്തിൻ ഫലം സ്നേഹം
ജ്ഞാനത്തിൻ ഫലം ജ്ഞാനം.

സ്നേഹമേ പരം സൗഖ്യം,
സ്നേഹഭംഗമേ ദുഃഖം,
സ്നേഹം മേ ദിക്കാലാതി-
വർത്തിയായ് ജ്വലിച്ചാവൂ!

ദേഹമിന്നതിൻ ചൂടിൽ-
ദ്ദഹിച്ചാൽ ദഹിക്കട്ടെ,
മോഹനപ്രകാശമെ-
ന്നാത്മാവു ചുംബിച്ചല്ലോ.

മാമകമനോഗത-
മവിടന്നറിഞ്ഞെന്നോ!
പോമളവദ്ദേഹത്തിൻ
മുഖവും വിവർണമായ്.

വളരെപ്പണിപ്പെട്ടാ-
ണെന്റെമേൽനിന്നും ദേവൻ
തളരും സുരക്തമാം
കൈയെടുത്തതു നൂനം.

അക്ഷരം പുറപ്പെട്ടി-
ല്ലന്യോന്യം നോക്കീ ഞങ്ങൾ;
തൽക്ഷണം കറമ്പിരാ-
വെത്തിനങ്ങോട്ടേക്കെത്തി!

നന്ദി കാണിപ്പാനെന്റെ
ശിരസ്സു കുനിഞ്ഞതു
മന്ദിതോത്സാഹൻ പോകെ-
ക്കണ്ടിരിക്കില്ലാ ദേവൻ!

നിദ്രയില്ലാഞ്ഞാരക്ത-
നേത്രനായ് പുലർച്ചയ്ക്കു
ഹൃദ്രമനെത്തും, നാളെ,
നോക്കുമീ മുറ്റത്തെന്നെ;

വിളറും മുഖം വേഗം,
തെക്കൻകാറ്റടിച്ചടർ-
ന്നിളമേൽക്കിടക്കുമെൻ-
മ്ലാനമാമംഗം കാൺകെ

ക്ഷണമാ നിൽപ്പിൽത്തന്നെ
നിന്നുപോയേക്കാം, പിന്നെ
പ്രണയാകുലൻ നാഥ-
നിങ്ങനെ വിഷാദിക്കാം:

"ആ വിശുദ്ധമാം മുഗ്ധ-
പുഷ്പത്തെക്കണ്ടില്ലെങ്കിൽ!
ആവിധം പരസ്പരം
സ്നേഹിക്കാതിരുന്നെങ്കിൽ!"

**ഓടക്കുഴൽ**



- സൂര്യകാന്തിക്കും സൂര്യനും കവി നൽകിയ വിശേഷണങ്ങൾ എന്തൊക്കെയാണ്? അവ തമ്മിൽ പ്രകടമായ വൈരുധ്യം കാണുന്നില്ലേ? ഈ വൈരുധ്യം നിലനിൽക്കുമ്പോഴും അവയെ ഒന്നിപ്പിക്കുന്നതെന്താണ്? കവിത പരിശോധിച്ച് നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.
- "സ്നേഹത്തിൽ നിന്നില്ലല്ലോ
 മറ്റൊന്നും ലഭിച്ചീടാൻ;
 സ്നേഹത്തിൻ ഫലം സ്നേഹം
 ജ്ഞാനത്തിൻ ഫലം ജ്ഞാനം.
 സ്നേഹമേ പരം സൗഖ്യം,
 സ്നേഹഭംഗമേ ദുഃഖം,
 സ്നേഹം മേ ദിക്കാലാതി-
 വർത്തിയായ് ജ്വലിച്ചാവൂ!"

 സ്നേഹത്തെക്കുറിച്ചുള്ള കവിയുടെ ദർശനമാണല്ലോ ഇത്. സ്നേഹത്തെക്കുറിച്ച് എഴുതപ്പെട്ടിട്ടുള്ള മറ്റു കവിതാഭാഗങ്ങൾ കണ്ടെത്തി ക്ലാസിൽ അവതരിപ്പിക്കൂ.
- "അക്ഷരം പുറപ്പെട്ടി-
 ല്ലന്യോന്യം നോക്കീ ഞങ്ങൾ;
 തൽക്ഷണം കറമ്പിരാ-
 വെന്തിനങ്ങോട്ടേക്കെത്തി"

 'കറമ്പിരാവ്' എന്ന പ്രയോഗം എന്തൊക്കെ ആശയങ്ങളാണ് ഉണർത്തുന്നത്?
- "ദേഹമിന്നതിൻ ചൂടിൽ-
 ദ്ദഹിച്ചാൽ ദഹിക്കട്ടെ,
 മോഹനപ്രകാശമെ-
 ന്നാത്മാവു ചുംബിച്ചല്ലോ"

 സ്നേഹത്തിനുമുന്നിൽ സ്വശരീരംപോലും അപ്രധാനമായി കണ്ട പൂവിനെയാണല്ലോ ഇവിടെ കാണുന്നത്. ഈ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് 'സൂര്യകാന്തി' എന്ന കവിതയ്ക്ക് ആസ്വാദനം തയാറാക്കുക.

"ഭൂഗോളത്തിൽ ച്ചിരിപ്പിടിയോളം ഭാഗത്തിന്റെ ആജീവനാന്താവകാശിയായിത്തീർന്നതോടെ ഭാവിജീവിതം സുരക്ഷിതമായി എന്നു ദൃഢമായിത്തന്നെ വിശ്വസിച്ചു. സംഭവം രണ്ടേക്കർ തെങ്ങുംപറമ്പാണ്. നന്നാക്കി സ്റ്റൈലാക്കാൻ കഴിയുന്ന ഒരു പഴയ വീടുമുണ്ട്. തേങ്ങ വിറ്റ് എല്ലാ ജീവിതാവശ്യങ്ങളും നേടാം. കുറേ മാവുകളും രണ്ട് വരിക്കപ്ലാവുമുണ്ട്. വീട്ടാവശ്യത്തിന് വിറക് പറമ്പിൽനിന്നു കിട്ടും. പുരാതനമായ ഒരു കിണറുമുണ്ട്. നല്ല വെള്ളം സുലഭം.
ആകെക്കൂടി ജീവിതം പരമസുഖം എന്നു പറയാൻ വിചാരിച്ചിരിക്കുമ്പോഴാണ്..... എന്തു പറയാൻ!"

# 'ഭൂമിയുടെ അവകാശികൾ' വായിക്കുമ്പോൾ

**പി.കെ. രാജശേഖരൻ**



ചെറുകഥയുടെ അംഗീകൃതലക്ഷണങ്ങൾക്കു പുറത്തുനിൽക്കുന്ന, അല്ലെങ്കിൽ അവയെ വെല്ലുവിളിക്കുന്ന 'ഭൂമിയുടെ അവകാശികൾ' ബഷീറിന്റെ ദർശനത്തിന്റെ ആത്മകഥാരൂപത്തിലുള്ള പ്രകാശനമാണ്. അതോടൊപ്പം പ്രകൃതിക്ക് ആഖ്യാനത്തിൽ ആവിഷ്കരണം നൽകലും. പ്രകൃതിയെയും ആഖ്യാനത്തിൽ സൃഷ്ടിക്കപ്പെടുന്ന പ്രകൃതിയെയും കഥയുടെ പ്രകൃതിയെയും കുറിച്ചുള്ള വ്യത്യസ്തങ്ങളായ നോട്ടങ്ങൾ പ്രകാശിപ്പിച്ചുകൊണ്ട് 'ഭൂമിയുടെ അവകാശികൾ' ഒറ്റതിരിഞ്ഞു നിൽക്കുന്നു. ഒരു കിണറും പഴയ വീടും ഉൾപ്പെടുന്ന രണ്ടേക്കർ പുരയിടം വാങ്ങിയതോടെ ഭാവിജീവിതം സുരക്ഷിതമായി എന്നു ദൃഢമായി വിശ്വസിച്ച ബഷീറിന്റെ ജീവിതത്തെ ഭൂമിയുടെ മറ്റ് അവകാശികൾ വെല്ലുവിളിക്കുന്നു. അവകാശികളിൽ ഒന്നായ മനുഷ്യന്റെ കാഴ്ചപ്പാടിൽ മാത്രമാണ് അത് വെല്ലുവിളിയായിത്തീരുന്നത്.

എല്ലാ നികുതികളും ഒടുക്കി സ്വന്തമാക്കിയ ഭൂമിയിൽ മറ്റ് അവകാശികൾ-പക്ഷികൾ, പ്രാണികൾ, ചിത്രശലഭങ്ങൾ, പാമ്പ്, കീരി, എലി, കുറുക്കൻ, വാവൽ, പഴുതാര, തേൾ തുടങ്ങിയവ പൗരാണികമായ അവകാശബോധത്തോടെ വിഹരിക്കുന്നു. ആ പുരയിടത്തിൽ മറ്റ് അവകാശങ്ങൾ വകവച്ചുകൊടുക്കാൻ ഭാര്യ തയാറല്ല. പുരയിടം എന്ന വാക്ക്

മനുഷ്യന്റെ പുരയ്ക്കുള്ള ഇടം മാത്രമല്ല, ദൈവസൃഷ്ടികൾതന്നെയായ മറ്റുള്ള ജീവികൾക്കും പുരയ്ക്കുള്ള ഇടമാണ് എന്ന ദർശനത്താൽ ബഷീർ സ്വസ്ഥനും നിസ്സംഗനുമാണ്. വീടിനകം മുഴുവനും പ്രാണികളുടെ ആക്രമണം പടരുന്നു. ഭർത്താവിനെക്കടിച്ച പഴുതാരയെ ഭാര്യ നിർദയം കൊന്നു. എട്ടുകാലി, പാറ്റ, തേൾ, ചീവീട്, എറുമ്പ്, ചിതൽ തുടങ്ങിയവയെയും കൊന്നു. എലിക്ക് വിഷം വച്ചപ്പോൾ എലിയോടൊപ്പം കോഴി, പൂച്ച, അണ്ണാൻ തുടങ്ങിയവയും ചത്തു. കരിക്ക് നശിപ്പിക്കുന്ന വാവലുകളെ വെടിവയ്ക്കാൻ ശ്രമിച്ചെങ്കിലും നടന്നില്ല. വാവലുകൾ പൂർവികരുടെ ആത്മാക്കളാണെന്നുപറഞ്ഞ് ഹിന്ദുക്കൾ ബഹളമുണ്ടാക്കിയതായിരുന്നു കാരണം. ഈ പരാക്രമങ്ങളെല്ലാം ഉണ്ടാകുമ്പോഴും ബഷീർ തന്റെ നിസ്സംഗതയിലും തുല്യാവകാശവാദത്തിലും ഉറച്ചുനിൽക്കുന്നു. ജീവികളായ സർവജീവികളും ഭൂമിയുടെ അവകാശികളാണ് എന്നാണ് ബഷീറിന്റെ ഉത്തരം.

"ഒരു താങ്ങുമില്ലാതെ കോടാനുകോടി ഗോളങ്ങളെ താങ്ങിനിർത്തിയിരിക്കുന്ന ദൈവം തമ്പുരാൻ ഭൂമിയിൽ ജീവികൾക്കായി എന്തെല്ലാം സൃഷ്ടിച്ചിരിക്കുന്നു! പഴങ്ങൾ, കിഴങ്ങുകൾ, ധാന്യങ്ങൾ, പുഷ്പങ്ങൾ, പുല്ല്, വെള്ളം, വായു, പിന്നെ ചൂടും വെളിച്ചവും. ഭൂമിയിലെ ഉൽപന്നങ്ങളുടെയെല്ലാം അവകാശികളാണ് ജന്തുക്കളും മൃഗങ്ങളും കൃമികീടങ്ങളും വൃക്ഷങ്ങളും ചെടികളും മറ്റും. ഈ പരമാർഥം എപ്പോഴും ഓർക്കുന്നത് നല്ലതാണെന്നു തോന്നുന്നില്ലേ?" എന്നാണ് ബഷീർ ഭാര്യയോടു ചോദിക്കുന്നത്. ഭർത്താവിന്റെ യുക്തിയെ ചോദ്യം ചെയ്തുകൊണ്ട് ഭാര്യ പറയുന്നത് ഈ വിശ്വാസമുള്ളവർ വല്ല ഗുഹയിലും നഗ്നമായി തപസ്സുചെയ്യുന്നതാണ് നല്ലതെന്നാണ്. ആ നിമിഷത്തിൽ തമാശവെടിഞ്ഞ് ബഷീർ പറയുന്നു: "നിന്റെ അഭിപ്രായത്തോടു യോജിക്കുന്നവരുടെ പ്രവർത്തനങ്ങൾ ഞാൻ കാണുന്നുണ്ട്. ഒരഞ്ഞൂറുകൊല്ലത്തിനകത്ത് ഈ ഭൂമിയിലുള്ള സർവജന്തുക്കളെയും പക്ഷികളെയും മൃഗങ്ങളെയും മനുഷ്യൻ കൊന്നൊടുക്കും. മരങ്ങളെയും ചെടികളെയും നശിപ്പിക്കും. മനുഷ്യൻ മാത്രം ഭൂമിയിൽ അവശേഷിക്കും. എന്നിട്ട് ഒന്നടങ്കം ചാകും!" ഗാർഹികത്തർക്കത്തിലേക്കു വഴിമാറുന്ന 'ഭൂമിയുടെ അവകാശികൾ' ഈ നിമിഷത്തിൽ ബഷീറിന്റെ പ്രകൃതിബോധത്തിന്റെ പ്രഖ്യാപനമായിത്തീരുന്നു; തമാശയുടെ അടരിനുള്ളിൽ ഒരു സർവനാശദർശനം.

മനുഷ്യപ്രകൃതി ജൈവപ്രകൃതിക്കു നേരേ നടത്തുന്ന ദയാശൂന്യമായ അക്രമത്തിലേക്കാണ് ബഷീർ നീങ്ങുന്നത്. മറ്റു ജീവികളുടെയും സസ്യങ്ങളുടെയും നദികളുടെയും കാടുകളുടെയും അവകാശത്തെപ്പറ്റിയുള്ള നീതിബോധത്തിന്റെ രൂപീകരണമാണത്. ജൈവനീതിയെക്കുറിച്ചുള്ള ഈ സങ്കല്പം പ്രകൃതിയെക്കുറിച്ചു നിലനിൽക്കുന്ന സങ്കല്പങ്ങളെ തിരസ്കരിച്ചുകൊണ്ടുമാത്രമേ രൂപപ്പെടുത്താവൂ എന്ന് ബഷീറിനറിയാമായിരുന്നു. റിയലിസത്തിന്റെയും ആധുനികതയുടെയും പ്രകൃതിസങ്കല്പത്തെ ബഷീർ അങ്ങനെ തിരസ്കരിച്ചു. ഉൽപാദനോപാധികൾ എന്തു വിലകൊടുത്തും വികസിപ്പിക്കണമെന്നും സാങ്കേതികപുരോഗതിക്കപ്പുറം മറ്റൊന്നുമില്ലെന്നുമുള്ള പുരോഗമനവാദമായിരുന്നു അത്. പ്രകൃതിയെ അനന്തമായ പുരോഗതി എന്ന വ്യവസായവൽക്കരണസങ്കല്പത്തിന്റെ എതിർധ്രുവമായാണ് ബഷീർ സ്വീകരിച്ചത്. സസ്യജന്തുപ്രകൃതികൾ മനുഷ്യന്റെ മുന്നേറ്റത്തിനുള്ള സഹായകങ്ങൾ മാത്രമാണ് എന്നും പ്രകൃതി എന്ന സങ്കല്പം ഒരു ഭാഷാനിർമിതിയാണെന്നുമുള്ള സാംസ്കാരികവാദ (Culturalism) ത്തെയും അതോടൊപ്പം ബഷീർ തിരസ്കരിക്കുന്നു. ജൈവനീതിയെക്കുറിച്ചുള്ള ഈ ബോധം ബഷീറിൽ ആശയക്കുഴപ്പം സൃഷ്ടിക്കുന്നുണ്ട്. ഹിംസകൂടാതെ ജീവിക്കാനാവുമോ എന്ന ചോദ്യമാണ് അതിന്റെ കാതൽ. 'പുതുപുത്തനായ ഒരു തത്ത്വശാസ്ത്രം,' 'വ്യക്തമായ ഒരു വിശ്വാസപ്രമാണം' വേണമെന്ന് പ്രപഞ്ചങ്ങളായ പ്രപഞ്ചങ്ങളുടെയെല്ലാം സ്രഷ്ടാവായ ദൈവത്തോട് പ്രാർഥിക്കുന്ന ബഷീർ ഒരു ജൈവധർമശാസ്ത്രത്തിന്റെ അനിവാര്യതയെപ്പറ്റിയാണ്

സംസാരിക്കുന്നതെന്നു കാണാൻ വിഷമമില്ല. ഭൂമിയിലെ ജീവിതം ആപൽസ്ഥിതിയിലാണെന്ന ബോധമാണ് ജൈവസദാചാരത്തിലേക്കു കൊണ്ടെത്തിക്കുന്നത്.

"ദൈവസൃഷ്ടിയിലെ തെങ്ങുകളിലെ കരിക്കുകളിൽ വാവലുകൾക്ക് അവകാശമുണ്ട്; ദൈവംതമ്പുരാൻ സൃഷ്ടിയുടെ ദിവ്യമുഹൂർത്തത്തിൽ കല്പിച്ചുകൊടുത്ത പുരാതന പുരാതനമായ അവകാശം. ഓർക്കുക: "ജീവികളായ സർവജീവികളും ഭൂമിയുടെ അവകാശികൾ" എന്നെഴുതി കഥയവസാനിപ്പിക്കുന്ന ബഷീറിന്റെ ജൈവനീതിബോധത്തിൽ മതപരമായ അംശം പ്രത്യക്ഷമാണ്. ഖുർആനിൽ പ്രവാചകൻ പറയുന്ന അല്ലാഹുവിന്റെ ഒട്ടകത്തിന്റെ ദൃഷ്ടാന്തം ബഷീറിനെ സ്വാധീനിച്ചിരിക്കാൻ സ്വാഭാവികമായും സാധ്യതയുണ്ട്. അല്ലാഹുവിന്റെ ഭൂമിയിൽ മേഞ്ഞുതിന്നാൻ അതിനെ വിട്ടേക്കുക. അതിന് യാതൊരു ഉപദ്രവവും ചെയ്യരുത്. ചെയ്താൽ വേദനാജനകമായ ശിക്ഷ നിങ്ങളെ പിടികൂടും എന്നാണ് പ്രവാചകൻ പറയുന്നത്. പ്രകൃതിയോടുള്ള മനോഭാവത്തിൽ മതാത്മകതയുടെ അംശം കടന്നുവരുന്നത് കാല്പനികതയുടെ സവിശേഷതയായിരുന്നു. ബഷീറിലും അതുണ്ട്.

സമസ്ത ജന്തുജാലങ്ങളും ഭൂമിയുടെ അവകാശികളായതിനാൽ ഒരുമിച്ചുപാർക്കണം എന്ന അതിവാദം ബഷീറിനില്ല. "സഹവർത്തിത്വമാണ് ആവശ്യം. പക്ഷേ, കൂട്ടായി ജീവിക്കാനൊക്കുമോ? വിഷം! കടിച്ചാൽ മരിക്കും! ഹേ, സർപ്പമേ! നിനക്കിവിടെ അവകാശമില്ല. എന്റെ സ്വന്തമായ ഈ രണ്ടേക്കർ പറമ്പിൽ നിന്നും നീ ക്ഷണത്തിൽ പുറത്തുപോകുക!" എന്നാണ് ബഷീർ പറയുന്നത്. പ്രകൃതിയെക്കുറിച്ചുള്ള ആദർശവാദവും യാഥാർഥ്യവും തമ്മിലുള്ള ഏറ്റുമുട്ടൽ 'ഭൂമിയുടെ അവകാശികളി'ലെ ധർമസംഘർഷം വർധിപ്പിക്കുന്നു. അപകടകാരികളായ ജീവികളെ കൊല്ലണമെന്നു വാദിക്കുന്ന ഭാര്യയോട്, "എനിക്കീ പ്രപഞ്ചങ്ങളെയെല്ലാം സ്നേഹത്തോടെ ആലിംഗനം ചെയ്യാൻ തോന്നുന്നു" വെന്നാണ് ബഷീർ പറയുന്നത്. "ഞാനും മക്കളുമാണ് പ്രപഞ്ചമെന്നു വിചാരിച്ചാൽ മതി" യെന്നു ഭാര്യ തിരിച്ചടിക്കുന്നു. തമാശകലർന്ന ഈ ഗാർഹികകലഹത്തെ ബഷീർ ആധുനികലോകത്തിലെ ഒരു ധർമസംഘർഷത്തിലേക്കാണ് നീട്ടിയെടുക്കുന്നത്. സ്വാഭാവികപരിസ്ഥിതിയുമായി ചേർന്നുനിൽക്കുന്ന ഗ്രാമീണമായ പരമ്പരാഗത ജൈവസമൂഹവും ആധുനികമായ നാഗരിക യാന്ത്രികസമൂഹവും തമ്മിലുള്ള സംഘർഷം അതിൽ പ്രച്ഛന്നമായി നിൽക്കുന്നു. അത്തരം പ്രശ്നങ്ങളെക്കുറിച്ചൊന്നും പ്രത്യക്ഷമായി സംസാരിക്കാതെ വീട്ടുകലഹത്തിന്റെ മാധുര്യമുള്ള ഫലിതത്തിന്റെ മണ്ഡലത്തിൽ നിന്നുകൊണ്ട് ആധുനികത്വത്തെ വിമർശിക്കാനാണ് യഥാർഥത്തിൽ ബഷീർ ശ്രമിച്ചത്. മനുഷ്യനിൽ മാത്രം കേന്ദ്രീകരിച്ചുകൊണ്ടുള്ള ആധുനികത്വത്തിന്റെ പുരോഗതിസങ്കൽപ്പത്തെ ഫലിതത്തിന്റെ ലോലമായ പുറമ്പാളിക്കു മറവിൽ ബഷീർ ചോദ്യം ചെയ്തു.



പൊരിഞ്ഞ യുദ്ധങ്ങളും പാപത്തിന്റെ സന്താനമായ തോക്കുമുള്ള ആധുനികത്വത്തെ ബഷീർ എതിർക്കുന്നു. വാവലുകളെ വെടിവയ്ക്കാൻ പഠിക്കാം എന്നു പറയുന്ന ഭാര്യയുടെ ആധുനികത്വത്തെ ഫലിതംകൊണ്ടു നേരിടുന്നതിൽ ബഷീർ പരാജയപ്പെടുന്നു. അതിജീവനത്തിനുവേണ്ടിയാണെങ്കിൽപ്പോലുമുള്ള ആധുനികത്വത്തിന്റെ ഭൗതികലാഭേച്ഛയെ അംഗീകരിക്കാൻ വയ്യാത്ത ബഷീർ അതിനെ എതിർക്കാനും വയ്യാത്ത സാഹചര്യമാണ് വീട്ടിൽ നേരിടുന്നത്.

ഫലിതംകൊണ്ടു മറച്ചുവച്ച ഈ ആത്മ സംഘർഷമാണ് ബഷീറിനെ ആധുനികത്വ ത്തിന്റെ വിമർശനത്തിലേക്കു നയിക്കുന്നത്. ഭൗതികേച്ഛകൊണ്ട് തകരുന്ന ഭൂമിയെക്കുറി ച്ചുള്ള ഓർമയുടെ രൂപത്തിലാണ് 'ഭൂമിയുടെ അവകാശികളി'ൽ ആ വിമർശം പ്രത്യക്ഷപ്പെ ടുന്നത്. ഭൂമിയിലുള്ള സർവജന്തുക്കളെയും കൊന്നൊടുക്കിയ ശേഷം മനുഷ്യൻ മാത്രം അവശേഷിച്ച് ഒടുവിൽ അവനും ഒന്നടങ്കം ചാവുന്ന കാലത്തെക്കുറിച്ചുള്ള ഓർമ ഒരു മുന്നറിയിപ്പുപോലെ കഥയിൽ പ്രത്യക്ഷപ്പെ ടുന്നു. സൂര്യൻ അണഞ്ഞ് ചരാചരങ്ങളെല്ലാം നശിച്ച് പരക്കുന്ന അനന്തമായ ഇരുട്ടിനെക്കു റിച്ചും പക്ഷിമൃഗാദികളില്ലാതെ പാഴ്സ്ഥല മായി, നിശ്ശബ്ദത നിറഞ്ഞ മഹാശൂന്യത യായി കിടക്കുന്ന ചന്ദ്രോപരിതലത്തെക്കുറി ച്ചുമുള്ള ചിന്തകളിൽ അന്തർഭവിച്ചിട്ടുള്ളതും അതുതന്നെ. ആ ഓർമയുടെ മറുപുറമാണ് വീടിനുപുറത്തുള്ള ജൈവപ്രകൃതിയും അവിടെ നിന്നു പുസ്തകത്താളിൽ പറന്നു വന്നിരിക്കുന്ന നീലച്ചിറകുള്ള ഈച്ചയും. കടുകുമണിയോളം മാത്രം വലുപ്പമുള്ള ആ ഷഡ്പദം ബഷീറിനെ ഈശ്വരസൃഷ്ടിയെക്കു റിച്ചുള്ള ചിന്തയിലേക്കു കൊണ്ടുപോകുന്നു. പരിപൂർണങ്ങളായ കലാസൃഷ്ടികൾ നിർമി ക്കുന്ന കലാകാരനാണ് ബഷീറിന്റെ ദൈവം. ആധുനികത്വത്തിന്റെ സൗകര്യങ്ങളെല്ലാം അംഗീകരിച്ചുകൊണ്ടുതന്നെ, ഹിംസാ വാസന സ്വാഭാവികപ്രകൃതിയായ, ആധുനിക ത്വത്തിന്റെ പ്രതിരൂപമായ ഭാര്യ നടത്തുന്ന ഹിംസകൾക്കെല്ലാം ബഷീർ ദൈവത്തോട് മാപ്പുചോദിച്ചുകൊണ്ടിരിക്കുന്നു. യഥാർഥ ത്തിൽ, പ്രകൃതിയുമായി ആചാരാനുസരണ മുള്ള ജീവിതമാണ് മതങ്ങൾ വിവക്ഷിക്കുന്ന തെന്ന് ക്രൈസ്തവമായ അർഥത്തിൽ പറഞ്ഞ ടി.എസ്. എലിയറ്റിനെപ്പോലെ ബഷീറും മതത്തിന്റെ പ്രപഞ്ചദർശനത്തി ലേക്കു നീങ്ങുന്നു. ആ മാപ്പുപറച്ചിൽ ആധു നികത്വത്തിലെ മനുഷ്യന്റെ നിസ്സഹായതയും അതിനോടുള്ള വിമർശവും ഉൾക്കൊള്ളുന്നു. അതിലൂടെ പ്രകൃതിയെക്കുറിച്ചു മാത്രമല്ല, പ്രകൃതിക്കുവേണ്ടിയും അദ്ദേഹം സംസാരി ക്കുന്നു.

- 'ഭൂമിയുടെ അവകാശികൾ' എന്ന കഥയുടെ സവിശേഷതകളായി ലേഖകൻ ചൂണ്ടിക്കാ ട്ടുന്ന കാര്യങ്ങൾ എന്തൊക്കെയാണ്? ഉചിതമായ കഥാസന്ദർഭങ്ങൾ ഉദാഹരിച്ച് ലഘു കുറിപ്പുകൾ തയാറാക്കുക.

  ഉദാ: പ്രകൃതിയെക്കുറിച്ച് മാത്രമല്ല, പ്രകൃതിക്കുവേണ്ടിയും സംസാരിക്കുന്ന കഥയാണ് 'ഭൂമിയുടെ അവകാശികൾ.'

  ❍

  ❍

- "എനിക്കീ പ്രപഞ്ചങ്ങളെയെല്ലാം സ്നേഹത്തോടെ ആലിംഗനം ചെയ്യാൻ തോന്നുന്നു."

  "ഞാനും മക്കളുമാണ് പ്രപഞ്ചമെന്ന് വിചാരിച്ചാൽ മതി."

  ബഷീറും ഭാര്യയും തമ്മിലുള്ള ഈ സംഭാഷണം രണ്ടു കാഴ്ചപ്പാടുകളെയാണല്ലോ പ്രതി ഫലിപ്പിക്കുന്നത്.

  ഈ കാഴ്ചപ്പാടുകളെ വിമർശനാത്മകമായി പരിശോധിച്ച് നിഗമനങ്ങളവതരിപ്പിക്കുക.

- വല്ല ഗുഹയിലും തപസ്സു ചെയ്യുകയാണ് നല്ലത് എന്നു ഭാര്യ പറഞ്ഞപ്പോൾ തമാശവിട്ട് ചിന്താധീനനാകാൻ ബഷീറിനെ പ്രേരിപ്പിച്ചത് എന്തൊക്കെ കാര്യങ്ങളാവാം?